**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിലെ ഡിസ്പെൻസറികളെ താലൂക്ക് തല ആശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സംസ്ഥാന തല പ്രയോറിറ്റി ലിസ്റ്റിൽ കാസർഗോഡ് ജില്ലയിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറി പനത്തടി, സർക്കാർ ആയുർവേദ ഡിസ്പെൻസറി മീഞ്ച, സർക്കാർ ആയുർവേദ ഡിസ്പെൻസറി ബേഡഡുക്ക, സർക്കാർ യുനാനി ഡിസ്പെൻസറി മൊഗ്രാൽ, സർക്കാർ ആയുർവേദ ഡിസ്പെൻസറി ബദിയടക്ക, സർക്കാർ ആയുർവേദ ഡിസ്പെൻസറി പരപ്പ, സർക്കാർ ആയുർവേദ ഡിസ്പെൻസറി ധർമ്മത്തടുക്ക എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കാട്ടിപ്പൊയിൽ, പരപ്പ എന്നീ ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്ന വിഷയം പരിഗണനയിൽ ഉണ്ടോ? എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാട്ടിപ്പൊയിൽ സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 50 കിടക്കകളോട് കൂടിയ താലൂക്ക്തല ആശുപത്രിയാക്കുന്നതിനുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ പരപ്പ സർക്കാർ ആയുർവേദ ഡിസ്പെൻസറി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. ആയുർവേദ ഡിസ്പെൻസറികളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ